കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.lfa.kerala.gov.in

## എടത്വ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി1-1526/16

കേരള സംസ്ഥാന ഓഡിറ്റ

ജില്ലാ ഓഡിറ്റ് കാ

ആല

തീയതി - 0

ഫോൺ - 0477

ഇ-മെയിൽ - ddhglfalpy@g

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടത്വ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എടത്വ ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1 കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാ വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ **2-1, 2-2** എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ **3-1, 3-2, 3-3, 3-4, 3-5, 3-6** എന്നീ ഖണ്ഡികക പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെ ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്ര പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ട (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവി ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്ത

ഡെപ്യൂട്ടി

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

# ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമ പഞ്ചായത്ത്

# 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയ വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന*

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓ വിധേയമാക്കുകയുണ്ടായി. 1.04.2016 മുതൽ 6.12.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചി ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെ ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്ത് അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലീം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 07.12.2016 മുതൽ 20.12.2016 വരെ | ശ്രീ. എസ്സ്. വിജയകുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രദീപ് കുമാർ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി.കെ.എൽ.ബിന്ദു<br>ശ്രീമതി. ടെസ്സി ജോസ് | 01.04.2015 മുതൽ 18.11.2015 വരെ<br>19.11.2015 മുതൽ 31.03.2016വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ. ഉല്ലാസ് കുമാർ.റ്റി | 01.04.2015 മുതൽ 31.03.2016 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. മേരിമ്മ ഫിലിപ്പ്<br>ശ്രീ. ബൈജു ജോസ് | 01.04.2015മുതൽ 9.12.2015 വരെ<br>10.12.2015 മുതൽ 31.03.2016 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ജാസ്മിൻ ടീച്ചർ<br>ശ്രീമതി. റോസമ്മ ആന്റണി | 01.04.2015 മുതൽ 9.12..2015 വരെ<br>10.12.2015മുതൽ 31.03.2016 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. കാതറൈൻ ആന്റണി<br>ശ്രീ. തോമസ് | 01.04.2015 മുതൽ 9.12.2015 വരെ<br>10.12.2015മുതൽ 31.03.2016 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീമതി. ശ്യാമള രാജൻ<br>ശ്രീമതി. ജെയിൻ മാത്യൂ | 01.04.2015 മുതൽ 9.12.2015 വരെ<br>10.12.2015മുതൽ 31.03.2016 വരെ |

**4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>**

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. എസ്.സന്തോഷ് കുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ബി.ശ്രീജിത്ത് ഭാസ്കർ | 1.4.2015 മുതൽ 31.3.2016 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സിന്ധു ജിന്റു ചാക്കോ | 30.12.2015 മുതൽ 31.3.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | ഡോ. മുരളീധരൻ. എസ് | 1.4.2015 മുതൽ 31.3.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം), ഗവ.ആയുർവേദ ഡിസ്പെൻസറി (ആയുഷ്), എടത്വ | ഡോ. ശ്രീദേവി | 1.4.2015 മുതൽ 31.3.2016വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.മരിയ തെരേസ.പി.ജെ | 01.04.2015 മുതൽ 31.3.2016വരെ |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സെൽമ ബീവി.എ | 1.4.2015 മുതൽ 31.3.2016വരെ |
| 8 | ഹെഡ്മാസ്റ്റർ, ഗവ.(യു.പി.എസ്.) | ശ്രീ. സുശീലൻ. കെ.എസ് | 1.4.2015 മുതൽ 31.3.2016വരെ |
| 9 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ഓമന. ആർ | 1.4.2015 മുതൽ 31.3.2016വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വി.എച്ച് .ദിനൽ രാജ് | 1.4.2015 മുതൽ 31.3.2016വരെ |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-15 വരെ |
| ഭാഗം -2 | | |
| 2 | വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം | 2-1 |
| 3 | D & O ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, നിയമാനുസൃതം ലൈസൻസ് ഫീ ഈടാക്കുന്നില്ല | 2-2 |
| 4 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-3 |
| 5 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | 2-4 |
| ഭാഗം -3 | | |
| 6 | മരാമത്തു വേലകൾ – നിർവ്വഹണത്തിലും രേഖകൾ തയ്യാറാക്കുന്നതിലും ഗുരുതര ക്രമക്കേടുകൾ | 3-1 |
| 7 | മരാമത്ത് വേലകൾ – എർത്ത് ഫില്ലിംഗിന് തെറ്റായ നിരക്ക നിർണ്ണയം മൂലം ഭീമമായ നഷ്ടം – മിക്കതിന്റെയും കണക്കുകൾ ഉണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല | 3-2 |
| 8 | വാർഡ് 7-ൽ രാജധാനി റോഡ് റീടാറിംഗ് – ക്രമക്കേടുകൾ | 3-3 |
| 9 | വാർഡ് 6 ൽ മഞ്ഞുമ്മേൽ പടി മുതൽ ചാരുംമൂട് റോഡ് റീടാറിംഗ് – ക്രമക്കേടുകൾ | 3-4 |
| 10 | വാർഡ് 4-ൽ അമ്പതിൽപ്പടി മുതൽ വടക്കോട്ട് റോഡ് മെറ്റലിംഗ് &ടാറിംഗ് – ക്രമക്കേടുകൾ | 3-5 |
| 11 | വാർഡ് 8-ൽ കണ്ണമാലി പടി കലുങ്ക് മുതൽ കിഴക്കോട്ട് മെറ്റലിംഗ് & ടാറിംഗ് – ക്രമക്കേടുകൾ | 3-6 |
| 12 | ടാറിംഗ് വേലകൾ – ബാരലിന്റെ വില കുറവു ചെയ്തില്ല | 3-7 |
| 13 | ഭവന പുനരുദ്ധാരണം (ജനറൽ) – അർഹതാ മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി | 3-8 |
| 14 | കിണർ നിർമ്മാണം (ജനറൽ) – മാനദണ്ഡങ്ങൾ പാലിക്കാതെ ആനുകൂല്യം നൽകി | 3-9 |
| 15 | മറ്റു സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിയ പദ്ധതികൾ – വിനിയോഗ സാക്ഷ്യപത്രം ഇല്ല | 3-10 |
| 16 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം – വിവാഹ സർട്ടിഫിക്കറ്റ് ഇല്ല | 3-11 |
| 17 | നെൽ വിത്ത് സബ്സിഡി വിതരണം – ന്യൂനതകൾ | 3-12 |
| ഭാഗം 4 | | |
| 18 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |
| 19 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

# 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26-03-2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 85822920 | 87203850 |
| വാർഷിക കണക്ക് പ്രകാരം | 33314890 | 40441967 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും ചെലവും യഥാർത്ഥ വരവിന്റെയും ചെലവിന്റെയും 2 മടങ്ങിലധികമാണ് കാണാം. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 20.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13724120 |
| വരവ് | 33314890 |
| ആകെ | 47039010 |
| ചെലവ് | 40441967 |
| നീക്കിയിരിപ്പ് | 6597043 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | റ്റി. സി. ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2+3+5) | ചെലവ് | റ്റി.സി. ചെയ്ത് നൽകിയ തുക | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| വികസന ഫണ്ട് (ജനറൽ) | 1383306 | 4405369 | 7918499 | 3778807 | 9567482 | 9567482 | | | |
| വികസന ഫണ്ട് (എസ്.സി.പി) | 907427 | | 3493000 | 3051817 | 3959244 | 3228996 | 730248 | | |
| വികസന ഫണ്ട് (റ്റി.എസ്.പി) | | | 0 | | | 0 | | | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 246488 | | 4532000 | 4425451 | 4671939 | 4671939 | | | |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 435271 | | 2528000 | 1696100 | 2131371 | 2131371 | | | |
| 13-ാം ധനകാര്യ | 1120698 | | 6038311 | 6026422 | 7147120 | 4519989 | 2627131 | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് | | | | | | | | | |
| പെർഫോമൻസ് ഗ്രാന്റ് | 2615258 | | 1047990 | 1013153 | 3628411 | 2580421 | 1047990 | | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 27133 | 16777703 | 0 | 16804836 | 16782998 | 0 | | | 21838 |
| ബി ഫണ്ട് | 0 | 24546830 | 0 | 24546830 | 24546830 | 0 | | | |

## 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| **161** | **37348890** | **124** | **33030414** | **15** | **22** | **88.43%** |

## 1-7 <u>തനത് വരുമാനം</u>

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും 24% ശതമാനം കറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (-) |
|---|---|---|---|---|
| നികുതി വരവുകൾ | 4544971 | 3504888 | (-) 1040083 | (-) 23 |
| നികുതിയേതര വരവുകൾ | 832598 | 547644 | (-) 284954 | (-) 34 |
| മറ്റ് വരവുകൾ | 220692 | 202557 | 18135 | (-) 8 |
| **ആകെ** | 5598261 | 4255089 | (-) 1343172 | (-) 24 |

മുൻ വർഷം കുടിശ്ശിക പിരിവിലുണ്ടായ വർദ്ധനയും ഓഡിറ്റ വർഷം വസ്തു നികുതി ഒഴിവാക്കൽ മൂലമുണ്ടായ വ കുറവും ആണ് ഇപ്രകാരം തനതു വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് കുറയാൻ കാരണം.

## 1-8 <u>ക്ഷേമപദ്ധതികൾ</u>

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107040 | 105 |
| കർഷകതൊഴിലാളി പെൻഷൻ | 8427375 | 1090 |
| വിധവാപെൻഷൻ | 4464320 | 430 |
| വാർദ്ധക്യകാലപെൻഷൻ | 886510 | 870 |
| വികലാംഗപെൻഷൻ | 2194785 | 210 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിതപെൻഷൻ | 196800 | 23 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 300000 | 10 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.12.2 സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാർക്ക് മെച്ചപ്പെട്ട പശ്ചാത്തല സ ഒരുക്കിയിട്ടുള്ള പഞ്ചായത്തുകൾക്കാണ് സർട്ടിഫിക്കറ്റ് നൽകേണ്ടത്. എന്നാൽ ജീവനക്കാർക്ക് വേണ്ടത്ര മെ പശ്ചാത്തല സൗകര്യം ഒരുക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ റോഡ്, റോഡ് ഇതര ആസ്തികളുടെ വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്ററുകൾ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5.12.2016 | 10/16-11/16 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 9/8/2012-29/8/12 | 2007-08, 2011-12 | 19/10/2012 |

## 1-12 ദുരിതാശ്വാസ നിധി - പ്രവർത്തനരഹിതം - ദുരിത ബാധിതരെ അടിയന്തിര ഘട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് സഹായിക്കുന്നില്ല

ഗ്രാമ പഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടത്തിൽ സഹാ എന്നത് ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന ധർമ്മങ്ങളിലൊന്നാണ്. സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന ധ ആളുകൾ അധിവസിക്കുന്ന ഒരു പ്രദേശമാണ് എടത്വ ഗ്രാമ പഞ്ചായത്ത്. അടിയന്തിര ഘട്ടങ്ങളിൽ ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമ പഞ്ചായത്തിലെയും പ്രസിഡന്റിന്റെ പേരി ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ 22.1.2014ൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസ നിധി ആരംഭിക്കുകയുണ്ടായി. എ 25.9.2014 വരെ കേവലം 3700/- രൂപ ഈ ആവശ്യത്തിനായി ജില്ലാ സഹകരണ ബാങ്ക് ശാഖയിൽ തു സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (A/c No. 4008/10/01/006786) നിക്ഷേപിച്ചതല്ലാതെ യാതൊരു പ്രവർത്ത നാളിതുവരെ നടത്തിയിട്ടില്ല.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ധാരാളം ആളുകൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്തിലെ ജന അടിയന്തിര സാഹചര്യങ്ങളിൽ യാതൊരുവിധ സഹായവും നാളിതുവരെ ഗ്രാമപഞ്ചായത്തിന് ചെയ്യാൻ സാ എന്നത് തികച്ചും നിരാശാജനകമാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 അംഗൻവാടികൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിൽ കാര്യമായ താല്പര്യം കാണിക്കുന്നില്ല

സാമ്പത്തികമായി പിന്നാക്കം നില്ക്കുന്ന അനേകം കുടുംബങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമ പഞ്ചായത്ത് പ്രദേ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്ര ങ്ങളാണ് ഇവിടുത്തെ അംഗൻവാടികൾ. 21അംഗൻവാടികളാണ് ഇവിടെ പ്രവർത്തിക്കുന്നത്. എന്നാൽ ഇവയിൽ 8 എണ്ണത്തിനു മാത്രമാണ് സ്വ ഉപയോഗയോഗ്യമായ കെട്ടിടങ്ങളുള്ളത്. ബാക്കിയുള്ളവയിൽ ഒരെണ്ണം താല്ക്കാലിക കെട്ടിടത്തിലും 12 എണ്ണം കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്.

21 ൽ 8 എണ്ണത്തിനു മാത്രമാണ് baby friendly toilet സൗകര്യം ഉള്ളത്. മറ്റ് ഭൗതിക സൗകര്യങ്ങളുടെ കാര്യ
കാര്യമായ പുരോഗതി ഇല്ല. വികേന്ദ്രീകര ണാസൂത്രണം ആരംഭിച്ച് 2 ദശാബ്ദങ്ങളായിട്ടും ഗ്രാമ പഞ്ചായത്തിലെ
അംഗൻവാടികൾക്കും ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്നത് അഭികാമ്യമല്ല. ഇതിൽ
അംഗൻവാടികളുടെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിൽ ഗ്രാമ പഞ്ചായത്ത് അധികൃതർ കാര്യമായ
ചെലുത്തുന്നില്ല എന്നു വ്യക്തമാകുന്നു.

ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് ഭൗതിക സൗകര
മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്ര
ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം - കാര്യക്ഷമമല്ല

ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരു
സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 1945 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 2484 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1348 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 1556 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 89849 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 67 |

തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങൾക്ക് ശരാശരി കേവലം 67 തൊഴിൽ ദിനങ്ങൾ മാത്രമാണ് നല്കാൻ കഴി
നെൽകൃഷിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് ആളുകളെ ലഭിക്കുന്നതിനു തടസ്സമാകും എന്നതിനാലാണ
പദ്ധതിയിൽ കൂടുതൽ താല്പര്യം കാണിക്കാതിരുന്നത് എന്നാണ് സെക്രട്ടറി വ്യക്തമാക്കിയത്. ഇത് ഒരു പരി
ശരിയാണെങ്കിലും സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്ത് ബാദ്ധ്യസ്ഥരാണ്. വിഷയത്തിൽ ഭരണസമി
പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-15 ആശ്രയ ഗുണഭോക്താക്കളോട് അവഗണന

ഗ്രാമ പഞ്ചായത്തിലെ അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ വീട് നിർമ്മാണത്ത ആനുകൂല്യത്തിന് അർഹരായ 8 ഗുണഭോക്താക്കൾ നിലവിൽ ഉണ്ട്. തൻവർഷം ഭവന നിർമ്മാണത്തിനുള്ള ആന ഇനത്തിൽ 5ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. അഗതി ആശ്രയ അക്കൗണ്ടിൽ പ്ലാൻ ഫണ്ട് 200000/- ര പലിശയായി 395706/- രൂപയും അവശേഷിക്കുമ്പോഴാണ് ഇപ്രകാരം ഒരു സ്ഥിതി സംജാതമായിട്ടുള്ളത്. അ ഗുണഭോക്താക്കൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ കുറെ കൂടി ശ്രദ്ധ ചെലുത്തേണ്ടതാണ്

## ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നത വീഴ്ച – ഗ്രാമപഞ്ചായത്തിനു വരുമാന നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിലൊന്നാണ് തൊഴിൽ നികുതി. എന്നാൽ ഓഡിറ്റ വർഷം ത നികുതി പിരിച്ചെടുക്കുന്നതിൽ കാര്യമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നു. നികുതി ഒടുക്കുവാൻ ബാദ്ധ്യ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിൽ ഉണ്ടായ വീഴ്ച മൂലം ഗ്രാമ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടമുണ്ടാ വിശദാംശം ചുവടെ.

2015-16 ൽ കേവലം 272 വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയി അത്രയും സ്ഥാപനങ്ങളിൽ നിന്നും മാത്രമേ നികുതി ഈടാക്കിയിട്ടുമുള്ളു. ഈ ഗ്രാമ പഞ്ചായത സംബന്ധിച്ചിടത്തോളം ഈ ലിസ്റ്റ് താരതമ്യേന ചെറുതാണ്. കാരണം, ഓഡിറ്റ വർഷം ഗ്രാമ പഞ്ചായ നിലവിലുണ്ടായിരുന്ന 6373 കെട്ടിടങ്ങളിൽ 810 എണ്ണം വ്യാപാര ആവശ്യങ്ങൾക്ക വേണ്ടി നിർമ്മിക്കപ്പെട്ടവയ വസ്തു നികുതി രജിസ്റ്റർ അടിസ്ഥാനമാക്കി സെക്രട്ടറി നല്കിയ കണക്കുകളിൽ നിന്നും വ്യക്തമാണ്. അതു പോലെ താലൂക്കിൽ എറ്റവുമധികം വ്യാപാര സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്ന പ്രദേശമാണ് എടത്വ. കാര്യമായ വ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ലാത്ത തകഴി ഗ്രാമ പഞ്ചായത്തിൽ പോലും 266 സ്ഥാപനങ്ങൾ ട്രേഡേഴ്സ് ല ഉൾപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഈ ഗ്രാമപഞ്ചായത്തിൽ ഇതിലും വളരെയധികം സ്ഥാപനങ്ങൾ ഉണ്ട് സുവ്യക്തമാണ്.

ഇതിൽ നിന്നും 2015-16 ൽ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ ഭ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിൽപോലും വീഴ്ചയുണ്ടായി എന്നു കാണാം.

ഗ്രാമ പഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ സ്ഥാപനങ്ങളുടെ പേരുവിവരം ശര രേഖപ്പെടുത്താത്തതിനാൽ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചുറപ്പ സാധിച്ചിട്ടില്ല.

ഹാജരാക്കിയ ലിസ്റ്റു പ്രകാരം കേവലം 14 സ്ഥാപനങ്ങൾ മാത്രമാണ് പരമാവധി നിരക്കായ പ്രതിവർഷം 2500/- ( വർഷം രൂ. 1250/-) രൂപാ വീതം തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്.

ലിസ്റ്റിൽ ഉൾപ്പെട്ട 26 സ്ഥാപനങ്ങൾ തൊഴിൽ നികുതി ഇനത്തിൽ യാതൊരു തുകയും ഒടുക്കിയതായി കാണുന്നില്ല.

ഹാജരാക്കിയ ലിസ്റ്റിൽ പല സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ നിരക്കിലാണ് തൊഴിൽ ഈടാക്കിയിട്ടുള്ളത് എന്നു കാണുന്നു.

പരമാവധി നിരക്കിൽ (2500/-രൂപ) നികുതി ഒടുക്കേണ്ടിയിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ക നികുതിയാണ് ഈടാക്കിയത്.

ഉദാഹരണമായി,

വലിയവീടൻസ് ടെക്സ്റ്റൈൽസ് → 600/- രൂപ

ക്വാളിറ്റി ബേക്കേഴ്സ് → 600/- രൂപ

പഴങ്ങേരിൽ ഹാർഡ് വെയേർസ് → 1200/- രൂപ

കളപ്പുരയ്ക്കൽ ഹാർഡ് വെയേർസ് → 600/- രൂപ

ടി വസ്തുതകളിൽ നിന്നും തൊഴിൽ നികുതി ഒടുക്കേണ്ട സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിലും, ( നിർണ്ണയത്തിലും അവ പിരിച്ചെടുക്കുന്നതിലും ഗുരുതരമായ വീഴ്ച സംഭവിക്കുകയും തൻമൂലം ഗ്രാമ പഞ്ചായത്തിന് ഭ വരുമാന നഷ്ടം ഉണ്ടായി എന്നും സ്പഷ്ടമാകുന്നു.

ഓഡിറ്റ് വർഷം തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും കൃത്യമായ ലിസ്റ്റ് തയ്യാ 2015-16 മുതലുള്ള കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്തു നിധിയിൽ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ട

## 2-2 D & O ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു, നിയമാനുസൃതം ലൈസൻസ് ഫീ ഈടാക്കുന്ന

ഓഡിറ്റ് വർഷം 272 സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഇവിടെ ശേഖരിച്ചിട്ടുള്ളത്. ഇതിൽ തന്നെ സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് ഫീ ഒടുക്കിയിട്ടുള്ളത്. 10 എണ്ണം ലൈസൻസ് എടുത്തിട്ടില്ല. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ ലിസ്റ്റ് താരതമ്യേന ചെറുതാണ്. (വിശദാംശം ഖണ്ഡിക 2 കാണിച്ചിട്ടുണ്ട്). ഇതിൽ നിന്നും ലൈസൻസ് ഇല്ലാതെ അനേകം സ്ഥാപനങ്ങൾ ഈ കാലയളവിൽ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു എന്ന് വ്യക്തമാണ്.

ലൈസൻസ് ഇല്ലാതെ ഈ സ്ഥാപനങ്ങൾ പ്രവർത്തിച്ചത് ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കി എന്നു മ ഗ്രാമ പഞ്ചായത്തിന്റെ നിയമപരമായ അധികാരം ചോദ്യം ചെയ്യപ്പെട്ട സംഭവവുമാണ്. ഇതിൻ മേൽ ആവശ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

അതുപോലെ ലൈസൻസ് ഫീ ഇനത്തിൽ തുച്ഛമായ തുകയാണ് പല സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നത്. സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 43700/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

ഏറ്റവും ഉയർന്ന നിരക്കിൽ (4000/- രൂപ) ലൈസൻസ് ഫീ ഈടാക്കാമായിരുന്ന (പ്രതിദിനം ഒരു രൂപയിലധികം വിറ്റുവരവുള്ള) സ്ഥാപനങ്ങളിൽ നിന്നു പോലും വളരെ ചെറിയ തുക മാത്രമാണ് ഫീ ഇന ഈടാക്കിയത് എന്നു കാണാം.

ഉദാഹരണമായി,

രാധാ ജുവലേഴ്സ് → 300/- രു.

കളങ്ങര ജുവലേഴ്സ് → 300/- രു.

തകഴിയിൽ ട്രേഡേഴ്സ് → 300/- രു.

എൽ.പി.ജി. ഏജൻസി → 500/- രു.

എല്ലാ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതം ലൈസൻസ് ഫീ ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാ

## 2-3 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ബാങ്ക് ഓഫ് ബറോഡ, എടത്വ ശാഖയിലെ താഴെ ചേർത്തിട്ടുള്ള ജീവനക്കരുടെ ഒന്നാം അർദ്ധ വർഷത്തെ തെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് | അർദ്ധ വാർഷിക വരുമാനം | അടയ്ക്കേണ്ട നികുതി | അടച്ച നികുതി രസീത് നം. | കുറവായി അടച്ചത് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ശ്രീലക്ഷ്മി വി .കെ.,<br>S W O | 129804 | 1250 | 1000/-<br>(0007/ 31.8.15) | 250/- |
| ആരതി മേനോൻ,<br>S W O-A | 152466 | 1250 | 1000/-<br>(0007/ 31.8.15) | 250/- |
| ആൻറണി.റ്റി.സി.,<br>സബ് സ്റ്റാഫ് | 108762 | 1000 | 750/-<br>(0007/ 31.8.15) | 250/- |
| ആകെ | | | | 750/- |

ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ള തൊഴിൽ നികുതി അതാത് ജീവനക്കാരിൽ നിന്ന് തിരികെ ഈടാക്കേണ്ട അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വസ്തുനികുതി ഡിമന്റ്, പിരിവ് വിശദാംശം ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | പിരിവ് | ബാക്കി | പിരിവ് % |
|---|---|---|---|---|
| കുടിശ്ശിക | 401908 | 282829 | 119079 | 70.37 |
| തന്നാണ്ട് | 1719221 | 1245459 | 473762 | 72.44 |
| ആകെ | 2121129 | 1528288 | 592841 | 72.05 |

അതായത് ആകെ ഡിമാന്റിന്റെ 72.15% മാത്രമാണ് തൻവർഷം പിരിച്ചെടുത്തിട്ടുള്ളത് എന്ന് ടി പട്ടികയിൽ കാണാം.

ഇതിൽ നിന്നും ഓഡിറ്റ വർഷം നികുതി പിരിവിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. ( പിരിവ് കാര്യക്ഷമമാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്തു വേലകൾ - നിർവ്വഹണത്തിലും രേഖകൾ തയ്യാറാക്കുന്നതിലും ഗുരുതര ക്രമക്കേടുകൾ

എടത്വ ഗ്രാമ പഞ്ചായത്തിൽ 2015-16 ലെ മരാമത്തു വേലകൾ നടപ്പാക്കിയത് അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. എ ഈ കാലയളവിൽ മരാമത്തു വേലകളുടെ നിർവ്വഹണത്തിലും പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാ സൂക്ഷിക്കുന്നതിലും, കരാർ ചമയ്ക്കുന്നതിലും ചെലവു നടത്തുന്നതിലും അനേകം ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ള കാണുന്നു. വിശദാംശം ചുവടെ.

**a) വ്യാജ മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെലവു നടത്തി**

ഒരു പ്രവൃത്തി പൂർത്തീകരിച്ചതിനും ശേഷം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പ്രവൃത്തിയുടെ വിശ അവലോകനം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്ത ഫൈനൽ ബിൽ തുക നൽകേണ്ടതുമാണ്. എന്നാൽ ഇവിടെ പല വേലകൾക്കും ഇപ്രകാരം ശരിയായ

ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി പരിശോധിച്ച് തയ്യാറാക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടിനു പകരം പ്ര പൂർത്തീകരിക്കുന്നതിനു മുമ്പോ, ചിലപ്പോൾ പ്രവൃത്തി ആരംഭിക്കുന്നതിനും മുമ്പോ മുൻ ഭരണ സമിതി പ്രസ ഏതാനും അംഗങ്ങളും ചേർന്ന് തയ്യാറാക്കുന്ന മുൻകൂർ മോണിറ്ററിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൈ ബിൽ തുക നല്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | MB നം., ആകെ ചെലവ് | പ്രവൃത്തി ആരംഭിച്ചത് | പ്രവൃത്തി പൂർത്തീകരിച്ചത് | മോണിറ്ററിംഗ് റിപ്പോർട്ടിൽ ഒപ്പു വെച്ചിട്ടുള്ള ഭരണ സമിതി അംഗങ്ങൾ | പ്രസി എ പേര ഒപ്പ വച്ചിട്ട |
|---|---|---|---|---|---|---|
| 1 | S0048/16 - വാർഡ് 5 ൽ പറപ്പള്ളി പടി മുതൽ പടിഞ്ഞാ റോട്ട് 3 റീച്ച് മെറ്റലിംഗ് | 79/15-16 150000/- രൂപ | 22.2.16 | 29.2.16 | ബിനു ഐസക് രാജു മിനി ബോബൻ, ശ്യാമളാ രാജൻ | K.L. ബ |
| 2 | S0077/16 വാർഡ് 3 ൽ PWD മുതൽ വട ക്കോട്ട് സെക്കന്റ് റീച്ച് മെറ്റലിംഗ് & ടാറിംഗ് | 77/15-16 483234/- രൂപ | 26.12.15 | 19.1.16 | കാതറിൻ ആന്റണി, മിനി ബോബൻ, ശ്യാമളാ രാജൻ | K.L. ബ |
| 3 | S0078/16 - വാർഡ് 4 ൽ കപ്പ മാവുങ്കൽ പടി മുതൽ ചാപ്പൽ മെറ്റലിംഗ് & ടാറിംഗ് | 93/15-16 432881/- രൂപ | 1.1.16 | 12.2.16 | കാതറിൻ ആന്റണി, മിനി ബോബൻ, ബിനു ഐസക് രാജു | K.L. ബ |
| 4 | S174/16 - വാർഡ് 11 ൽ വേണാട്ട് പാലം മുതൽ പടിഞ്ഞാ റോട്ട് റോഡ് കോൺക്രീറ്റിംഗ് | 3/15-16 199243/- രൂപ | 16.11.15 | 11.12.15 | മിനി ബോബൻ, റെനി വർഗ്ഗീസ്, ശ്യാമളാ രാജൻ | K.L. ബ |

31.10.2015 ന് മുമ്പുണ്ടായിരുന്ന പ്രസിഡന്റും ഭരണസമിതി അംഗങ്ങളും ചേർന്ന് തങ്ങളുടെ ഭരണകാലത്തിനു മാത്രം പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികളുടെ (തങ്ങളുടെ കാലത്ത് പ്രവൃത്തി ആരംഭിക്കുക പോലും ചെയ്യാത്തവയു മോണിറ്ററിംഗ് റിപ്പോർട്ട് മുൻകൂറായി തയ്യാറാക്കിയത് വ്യാജ രേഖ ചമയ്ക്കലാണ്.

ഇതിൽ നിന്നും ടി പ്രവൃത്തികൾ ശരിയായ വിധം മോണിറ്ററിംഗ് നടത്താതെയാണ് ചെലവു നടത്തിയത് സുവ്യക്തം. തൻമൂലം ഇവ ശരിയായ വിധം നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ എന്ന് ഓഡിറ്റ് സംശയിക്കുന്നു. ആയത വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നതിനും വിവരം ഓഡ ധരിപ്പിക്കുന്നതിനും ഭരണ വകുപ്പിനോടു ശുപാർശ ചെയ്യുന്നു.

ഈ 4 പ്രവൃത്തികൾക്കായി ആകെ ചെലവഴിക്കപ്പെട്ട 12,65,358/- രൂപയിൽ ക്രമ നം. 2, 3 എന്നിവയുടെ ചെ നിന്നും ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-7 പ്രകാരം അനുവദനീയമല്ലാത്ത 6750/- രൂപാ കിഴിച്ച് ബാക്കി **12,58,** രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**b) കരാറുകൾ കൃത്യമായി ചമച്ചിട്ടില്ല**

മിക്ക കരാറുകളിലും പൂർണ്ണ വിവരങ്ങൾ ചേർത്ത് ബന്ധപ്പെട്ട കരാറുകാർ / കൺവീനർമാർ ഒപ്പു വെച്ചിട്ടില്ല. പല അസി. എഞ്ചിനീയർ മാത്രമാണ് ഒപ്പിട്ടിട്ടുള്ളത്. കരാറിനൊപ്പം ടെണ്ടർ ഷെഡ്യൂൾ, പൂർത്തീകരണ സമയം, വ്യത്യാസം എന്നിവ ചേർക്കുന്നില്ല. ചിലതിനൊപ്പം ഒപ്പിടാത്ത വെറും മുദ്ര പത്രങ്ങൾ മാത്ര ഉൾകൊള്ളിച്ചിട്ടുള്ളത്. (ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ മറ്റു ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിട്ട

**c) ഗുണഭോക്തൃ സമിതി കണക്കുകൾ അംഗീകരിക്കാതെ ബിൽ തുക നല്കി**

ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന മിക്ക പദ്ധതികളുടെയും കണക്കുകൾ ബന്ധപ്പെട്ട സമിതി അംഗീകരിച്ചിട്ടില്ല. പലതിലും സമിതി അംഗീകരിച്ചതായി എഴുതി വെയ്ക്കുന്നുണ്ടെങ്കിലും സമിതി അംഗങ്ങളുടെ

(ഇതു സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ മറ്റു ഖണ്ഡികകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.)

**d) രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല**

തൻവർഷം വിവധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകകളുടെ വിശദാംശം രേഖപ്പെടുത്തുന്നതിനുള്ള താഴെപ്പ രജിസ്റ്ററുകളും രേഖകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1. പ്രോജക്ട് രജിസ്റ്റർ,
2. ബിൽ രജിസ്റ്റർ
3. ചെക്ക് / ഡി.ഡി. ഇഷ്യൂ രജിസ്റ്റർ
4. കൈപ്പറ്റു രസീതുകൾ

ഇതു കാരണം ഓരോ പദ്ധതിയുടെയും ചെലവിന്റെ വിശദാംശം ലഭിക്കുന്നതിനും തുക ആരു കൈപ്പറ്റി മനസ്സിലാക്കുന്നതിനും സാധിക്കാതെ വരുന്നു.

**e) ചെലവിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല**

ചെലവിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കയിട്ടില്ല. തൻമൂലം ചെല കൃത്യത പരിശോധിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല.

ടി ന്യൂനതകൾ വിവിധ സർക്കാർ നിർദ്ദേശങ്ങളുടെ ഗുരുതരമായ ലംഘനവും ഗുരുതരമായ സാമ്പത്തിക ക്രമക്കേടു വഴിതെളിക്കുന്ന നടപടികളുമാണ്. വിഷയത്തിൽ ഭരണ വകുപ്പിന്റെയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-2 മരാമത്ത് വേലകൾ - എർത്ത് ഫില്ലിംഗിന് തെറ്റായ നിരക്കു നിർണ്ണയം മൂലം ഭീമമായ നഷ്ടം - മിക്കതിന്റെയും കണക്കുകൾ ഗുണഭോക്തൃ സമിതി അംഗീകരിച്ചിട്ടില്ല

ഓഡിറ്റു വർഷം ഗ്രാമ പഞ്ചായത്തു നടപ്പാക്കിയ മരാമത്തു വേലകളിൽ ഭൂരിഭാഗവും എർത്ത് ഫില്ലിംഗ് ഉൾപ്പെ അവയിൽ ഭൂരിഭാഗവും ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയവയുമാണ്. എന്നാൽ എർത്ത് ഫില്ല അനുവദനീയമായതിലും അധിക നിരക്കു അനുവദിച്ചതുമൂലം ഭീമമായ ചെലവു നഷ്ടം ഉണ്ടായതായും, അതു ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ കാര്യത്തിൽ മിക്കതിന്റെയും കണക്കുകൾ ഗുണഭോക്തൃ അംഗീകരിക്കാതെയാണ് ഫൈനൽ ബിൽ തുക നല്കിയതെന്നും കാണുന്നു. വിശാദാംശം ചുവടെ.

എൽ. എസ്. ജി. ഡി. ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം. DB.3/6512/ 2013/CE/LSGD തീയതി 13.2.2014 അനു 2014-15, 2015-16 കാലഘട്ടങ്ങളിൽ മരാമത്തു വേലകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് ഡൽഹി ഷെ ഓഫ് റേറ്റ് (DSR) അടിസ്ഥാനത്തിലായിരുന്നു. DSR ൽ ഇല്ലാത്ത ഇനം വേലകൾക്കു മാത്രമാണ് പ്രാ നിരീക്ഷണമനുസരിച്ചുള്ള നിരക്കു നിർണ്ണയിക്കേണ്ടിയിരുന്നത്. എന്നാൽ എടത്വ ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റു നടപ്പാക്കിയ മരാമത്തു വേലകളിൽ എർത്ത് ഫില്ലിംഗ് ഇനത്തിന് ടി നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാവലിന് ക വിലയുടെ അടിസ്ഥാനത്തിൽ നിരക്കു നിശ്ചയിച്ചതു മൂലം ഭീമമായ അധികചെലവുണ്ടായിട്ടുള്ളതായി കാണുന്നു.

DSR 2014 Vol. I ഇനം 2.2.1 പ്രകാരമുള്ള എർത്ത് വർക്ക് നിരക്കിനൊപ്പം ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് നിരക കോസ്റ്റ് ഇന്റക്സ് കൊണ്ട് ഗുണിച്ചാണ് നിരക്ക് നിർണ്ണയിക്കേണ്ടിയിരുന്നത്. ജില്ലയിലെ ഭൂരിഭാഗം പഞ്ചായത്തുകളിലും ഇപ്രകാരമാണ് ഈയിനം വേലകൾക്ക് നിരക്ക് നിർണ്ണയിച്ചത്. എന്നാൽ ഇവിടെ അതിനു താഴെപ്പറയും പ്രകാരം മൂന്നിനം ഗ്രാവലിന് കമ്പോള നിരക്ക് എന്ന പേരിൽ ഭീമമായ വിലയും നിരത്തു ഉൾപ്പെടുത്തിയുള്ള നിരക്കാണ് നിർണ്ണയിച്ചത്.

| ഇനം | 2014-15 നിരക്ക് *(സ്പിൽ ഓവർ* | 2015-16 നിരക്ക് (ഘന മീറ്ററിന്) |
|---|---|---|

| | | | |
|---|---|---|---|
| | *വേലകൾക്ക്)* (ഘന മീറ്ററിന്) ഗുണഭോക്തൃ സമിതിയ്ക്ക് | | |
| | | ഗുണഭോക്തൃ സമിതിയ്ക്ക് | കരാർ വേലകൾക്ക് |
| സാധാരണ ഗ്രാവൽ ഉപയോഗച്ചുള്ള ഫില്ലിംഗിന് | 1303.55 | 1556.40 & 1553.40 | --- |
| ഗ്രാവലി കട്ടിംഗ്സ് ഉപയോഗിച്ചുള്ള ഫില്ലിംഗിന് | ----- | 1314.00 | 1511.10 |
| മെറ്റലിംഗിന് ബ്ലൈന്റിംഗ് മെറ്റീരിയലായി ഉപയോഗിക്കുന്ന നല്ലയിനം ഗ്രാവലിന് | ----- | 1237.16 | 1422.73 |

ഇവിടെ മെറ്റലിംഗിനുള്ള നല്ലയിനം ഗ്രാവൽ ഇറക്കി സ്റ്റാക്ക് ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളതിലും വളരെ ഉ നിരക്കാണ് ഫില്ലിഗിനുള്ള ഗ്രാവലി കട്ടിംഗ്സിനു നല്കിയത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

ഗ്രാവൽ സോഴ്സിൽ നിന്നും ഈ ഗ്രാമ പഞ്ചായത്തിലും കൂടുതൽ ദൂരെ സ്ഥിതിചെയ്യുന്ന അമ്പലപ്പുഴ തെക്ക്, അ വടക്ക് ഗ്രാമ പഞ്ചായത്തുകളിൽ ഇതിലും വളരെ കുറഞ്ഞ നിരക്കാണ് ഈ കാലഘട്ടങ്ങളിൽ നൽകിയത് എ ഇവിടെ ശ്രദ്ധേയമാണ്. *(ഗുണഭോക്തൃ സമിതികൾക്ക് 2015-16 ൽ ഫില്ലിഗിന് ഇവിടങ്ങളിൽ അനുവദിച്ച നിരക്ക് ₹ 949.65/$m^3$ ആണ്.)*

ടി വിഷയത്തിൽ വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം. 3/16.12.2016) അ എഞ്ചിനീയർ ഒരു മറുപടിയും ലഭ്യമാക്കിയില്ല.

DSR പ്രകാരം ഫില്ലിഗിന്, റോളർ ഉപയോഗിച്ചുള്ള കൺസോളിഡേഷൻ ചെയ്താൽ പോലും അനുവദനീയമായ പര നിരക്ക് ചുവടെ ചേർക്കുന്നു (1 ഘനമീറ്ററിന്)

| | |
|---|---|
| DSR 2014 ഇനം 2.2.1 പ്രകാരമുള്ള നിരക്ക് -*(ലേബർ, റോളർ ചാർജ്ജ്, 1% വാട്ടർ ചാർജ്ജ്, കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 383.09 |
| ഇനം 1.1.2 പ്രകാരമുള്ള കാര്യേജ് ചാർജ്ജ് (38 കി.മീ.) - *(കരാറുകാരന്റെ ലാഭം, ഓവർ ഹെഡ് ചാർജ്ജ് എന്നിവ ഉൾപ്പെടെയുള്ള നിരക്ക്)* | 449.51 |
| ഇതിന്റെ 1% വാട്ടർ ചാർജ്ജ് | 4.495 |
| ആകെ | 837.095 = 837.10 |
| കോസ്റ്റ് ഇന്റക്സ് സഹിതം കരാറുകാർക്ക് അനുവദനീയമായ പരമാവധി നിരക്ക് - | |
| 2014-15 (കോസ്റ്റ് ഇന്റക്സ് 1.38) | 837.10x1.38=1155.20 |
| 2015-16 (കോസ്റ്റ് ഇന്റക്സ് 1.4571) | 837.10x1.4571=1219.74 |
| ഗുണഭോക്തൃ സമിതികൾക്ക് അനുവദനീയമായ പരമാവധി നിരക്ക് | |
| 2014-15 | 1004.52 |
| 2015-16 | 1060.64 |

ഓഡിറ്റു വർഷം ഇപ്രകാരം അധിക നിരക്കു അനുവദിച്ചതുമൂലം കരാറുകാർക്കു കൺവീനർമാർക്കും അധിക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**തെറ്റായ നിരക്കു നിർണ്ണയം മൂലം അധികമൂല്യം നിർണ്ണയിക്കപ്പെട്ട പ്രവർത്തികളുടെ വിശദാംശം**

**A)ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ച വേലകൾ**

| ക്രമ നം. | പ്രോജക്ട് നമ്പരും പേരും | കൺവീനറുടെ പേര് | MB നം., ഇനം നം. | ഫില്ലിംഗ് അളവ് | അനു വദിച്ച | നിർണ്ണ യിക്ക | അടങ്ക ലിൽ | അർഹ മായ | അധി ക | ഫൈനൽ ബിൽ |
|---|---|---|---|---|---|---|---|---|---|---|

| | | | | $(m^3)$ | നിരക്ക് (ഘന മീറ്ററിന്) | പ്പെട്ട മൂല്യം | ക്രമീക രിക്കാൻ കുറവു ചെയ്ത തുക | മൂല്യം | മായി നല്കിയ തുക | വിവരങ്ങൾ **(One bill only)** |
|---|---|---|---|---|---|---|---|---|---|---|
| | *(1) 2015-16* ലെ പുതിയ പ്രോജക്റ്റുകൾ *(*അനുവദനീയ നിരക്ക് *1060.64/m³)* | | | | | | | | | |
| 1 | S0046/16 വാർഡ് 5 – ൽ പറപ്പള്ളിപ്പടി മുതൽ മണ്ണാം തുരുത്തിൽ പടി വരെ റോഡ് കോൺക്രീറ്റിംഗ് | ജയപ്രകാശ്. എൻ.എസ്, നൂറ്റെട്ടിൽച്ചിറ, | 11/15-16 ഇനം 1 | 14.1 | 1314 | 18527 | 0 | 14955 | 3572 | 24/28.10.16, 87495/- രൂപ 25/28.10.15, 201398/-രൂപ ആകെ 288893/-രൂപ |
| 2 | S0061/16 വാർഡ് 12 ൽ പുത്തൻ തറ മുതൽ പുത്തൻ പുര വരെ ഗ്രാവലിംഗ് | സുരേന്ദ്രൻ പാപ്പൻ, പുത്തൻതറ, പച്ച | 40/15-16 ഇനം 1 | 34.56 | 1314 | 45412 | 0 | 36656 | 8756 | 48/30.01.16 48137/-രൂപ |
| 3 | S0076/16 വാർഡ് 2- പഴയ മഠം മുതൽ വടക്കോട്ട് റോഡ് ഗ്രാവലിംഗ് | ജോയ് ജോൺ, പാലപ്പറമ്പിൽ ചിറ, പച്ച | 35/15-16 ഇനം 1 | 72 | 1314 | 94608 | 284 | 76366 | 17958 | 22/20.10.15, രൂ.100000/- |
| 4 | S0063/16 വാർഡ് 12 ൽ കൊച്ചുപറമ്പിൽ മുതൽ ഏഴിൽ വരെ മെറ്റലിംഗ് | സെബാസ്റ്റ്യൻ. വി. മാത്യു, വലിയപറമ്പിൽ | 33/15-16 ഇനം 1 | 24 | 1314 | 31536 | 0 | 25455 | 6081 | 37/30.01.16, 96353/-രൂപ |
| 5 | S0066/16 വാർഡ് 15 ൽ പെരുമ്പ്രാക്കളം പടി മുതൽ പറത്തറ പടി വരെ മെയിന്റനൻസ് | ജോസ് കുട്ടി.ജെ, മേരിലാൻഡ്, തായങ്കരി | 61/15-16 ഇനം 2 | 13 | 1314 | 17082 | 0 | 13788 | 3294 | 51/ 15.02.16, 63327/- രൂപ |
| 6 | S0075/16 വാർഡ് 2 ൽ അഞ്ചിൽപടി മുതൽ കിഴക്കോട്ട് റോഡ് | ദേവസ്യ.എം.ടി, മണ്ണാമ്പറമ്പിൽ, തായങ്കരി | 30/15-16 ഇനം 1 | 70.88 | 1314 | 93136 | 0 | 75178 | 17958 | 70/17.03.16, 98724/-രൂപ |
| 7 | S0074/16 വാർഡ് 2 ൽ മണത്തറ പടി മുതൽ കിഴക്കോട്ട് റോഡ് ഗ്രാവലിംഗ് | പ്രമീള ഷാജി, പുതുവലിൽ, തായങ്കരി | 54/15-16 ഇനം 1 | 72 | 1314 | 94608 | 284 | 76366 | 17958 | 27/23.11.15, 100000/-രൂപ |
| 8 | S0073/16 വാർഡ് 2 ൽ ചെറുമുട്ടം മുതൽ കിഴക്കോട്ട് റോഡ് ഗ്രാവലിംഗ് | രഞ്ജിത്ത് കുമാർ, ചന്ദ്രവിലാസം, തായങ്കരി | 73/15-16 ഇനം 1 | 75 | 1314 | 98550 | 4464 | 79548 | 14538 | 46/15.02.16, 100000/-രൂപ |
| 9 | S0068/16 വാർഡ് 15ൽ അമ്പതി ൽചിറ കടവു മുതൽ പടിഞ്ഞാറോട്ടുള്ള റോഡ് മെയിന്റനൻസ് | തങ്കപ്പൻ, പുത്തൻചിറ, കൊടുപ്പുന്ന | 23/15-16 ഇനം 2 | 15 | 1314 | 19170 | 0 | 15910 | 3260 | 49/16.02.16, 73598/-രൂപ |
| 10 | S0036/16 വാർഡ് 13 ൽ ഇരവു കരി പാലം കിഴക്കേ ക്കര മുതൽ കല്ലുപുര യ്കൽ പടി വരെ | സുഗതൻ, ഏഴിന്ന ചിറയിൽ, ചങ്ങങ്കരി | 84/15-16 ഇനം 2 | 18.9 | 1314 | 24835 | 0 | 20046 | 4789 | 65/17.03.16, 92733/രൂപ |
| 11 | S0041/16 വാർഡ് 13 ൽ ഇരുപ ത്തഞ്ചിൽപടി മുതൽ ചെങ്കരത്തറപടി വരെ ഗ്രാവലിംഗ് | ജോസഫ് ജോസ്, തോട്ടുകടവിൽ, പച്ച | 82/15-16 ഇനം 1 | 20.7 | 1556.4 | 32217 | 0 | 21955 | 10262 | 62/17.03.16, 34150/- രൂപ |
| 12 | S0102/16 വാർഡ് 1 ൽ വിജയമാതാ കോൺവെന്റ് മുതൽ ഗ്രാമോൽസവം കോളനി റോഡ് | തോമസ് ആന്റണി, മണ്ണാരുപറമ്പിൽ, ചങ്ങങ്കരി | 64/15-16 ഇനം 2 | 3.13 | 1553.4 | 4862 | 115 | 3320 | 1427 | 15/30.03.16, 27000/-രൂപ |
| 13 | S0042/16 വാർഡ് 13 ൽ ആമ്പ ക്കാട്ടു കടവു | ഷിബുമോൻ ജോസഫ്, | 83/15-16 ഇനം 2 | 31 | 1314 | 40734 | 0 | 32880 | 7854 | 61/17.03.16, 97640/-രൂപ |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | മുതൽ പുതുമന കുളം വരെ റോഡ് ഗ്രാവലിംഗ് | ആമ്പക്കാട്ട്, ചങ്ങനാശ്ശേരി | | | | | | | | |
| 14 | S0045/16 വാർഡ് 13 ൽ കല്ലുപു രയ്ക്കൽ പടി മുതൽ നാലു പറ പടി വരെ റോഡ് ഗ്രാവലിംഗ് | ഉത്തമൻ, വെള്ളാപ്പള്ളിച്ചിറ, ചങ്ങങ്കരി | 85/15-16 ഇനം 2 | 9 | 1314 | 11826 | 0 | 9546 | 2280 | 63/17.03.16, 42000/-രൂപ |
| 15 | S0091/16 വാർഡ് 9 ൽ ചന്ദനപ്പടി മുതൽ കാട്ടാമ്പള്ളി വരെ കോൺക്രീറ്റിംഗ് | ബാബു തോമസ്, നാൽപ്പത്തി യെട്ടിൽ, പാണ്ടങ്കരി | 25/15-16 ഇനം 1 | 24.75 | 1314 | 32522 | 0 | 26251 | 6271 | 91/29.03.16, 223424/-രൂപ |
| 16 | S0090/16 വാർഡ് 9 ൽ പൊട്ടടി മോട്ടോർത്തറ മുതൽ നാലുപറ പടി വരെ റോഡ് ഉയർത്തൽ | ജിതീഷ് ബേബി , നാലു പറയിൽ, പാണ്ടങ്കരി | 31/15-15 ഇനം 2 | 45 | 1314 | 59130 | 0 | 47729 | 11401 | 7/29.03.16, 141736/-രൂപ |
| 17 | S0087/16 വാർഡ് 10 ൽ ഐ.പി.സി ചർച്ച് മുതൽ പോളക്കൽ പടി വരെ ഗ്രാവലിംഗ് | ജിബി സെബാസ്റ്റ്യൻ, വേലിക്കളം, കോഴിമുക്ക് | 29/15-16 ഇനം 1 | 64 | 1314 | 84096 | 0 | 67881 | 16215 | 2/22.03.16, 89142/-രൂപ |
| 18 | S0080/16 വാർഡ് 7 ൽ ചക്കാല ക്കൽ പടി മുതൽ കണ്ണന്തറ പടി വരെ റോഡ് കോൺക്രീറ്റിംഗ് | ബിജു വർഗ്ഗീസ് , തെക്കേടം | 14/15-16 ഇനം 1 | 21.915 | 1314 | 28796 | 0 | 23244 | 5552 | 26/16.11.15, 249708/-രൂപ |
| 19 | S0176/16 വാർഡ് 13 ൽ കോട്ടയിൽ ക്ഷേത്രം പടി മുതൽ മഠത്തിക്കുളം കടവ് വരെ മെറ്റലിംഗ് | ജോസഫ് മാത്യു, പുത്തൻ പറമ്പിൽ, ചങ്ങങ്കരി | 16/15-16 ഇനം 1 | 48.9 | 1314 | 64255 | 1928 | 51865 | 10462 | 1) 14A/13.10.15, 50000/- രൂ. 2) 15/13.10.15, 145000/- രൂ. ആകെ 195000/-രൂ. |
| 20 | S0175/16 വാർഡ് 120ൽ PWD റോഡ് മുതൽ തെക്കേ കടവിലെ മെറ്റലിംഗ് | മത്തായി ശൗരിയാർ, കൊച്ചുപറമ്പ് | 19/15-16 ഇനം 1 | 48.2 | 1314 | 63335 | 0 | 51123 | 12212 | 6/17.09.15, 189673/-രൂ. |
| 21 | S0173/16 വാർഡ് 10 ൽ പോളക്കൽ ചിറ പടി മുതൽ ഐ.പി.സി ചർച്ച് വരെ റോഡ് കോൺക്രീറ്റിംഗ് | സുശീലൻ, അമ്പലത്തിൽച്ചിറ, പാണ്ടങ്കരി | 8/15-16 ഇനം 2 | 25.2 | 1314 | 33112 | 708 | 26728 | 5676 | 8/23.08.15, 195000/- രൂ. |
| 22 | S0172/16 വാർഡ് 9 ൽ ഏഴര പടി മുതൽ വടക്കോട്ട് മുപ്പതിൽച്ചിറ വരെ മെറ്റലിംഗ് | ജോർജ്ജ് ജോസഫ് , പനപ്പറമ്പിൽ, എടത്വ | 39/15-16 ഇനം 1 | 28 | 1314 | 36792 | 0 | 29698 | 7094 | 73/17.03.16, 111507/-രൂ. |
| 23 | S0118/16 വാർഡ് 12 ൽ പഴമാലിൽ മുതൽ പറപ്പള്ളി വരെ മെറ്റലിംഗ് | ബിൻബി മാത്യു , കണ്ടത്തിൽ, പാണ്ടങ്കരി | 66/15-16 ഇനം 1 | 52.5 | 1314.1 | 68985 | 0 | 55684 | 13301 | 32/15.01.16, 148852/-രൂപ |
| 24 | S0170/16 വാർഡ് 6 ൽ ചെറുകാ ട് പടി മുതൽ പരിത്ത പ്പള്ളി പടി വരെ റോഡ് മെറ്റലിംഗ് | സിസിലി ജെയിംസ്, മാളിയേക്കൽ, എടത്വ | 9/15-16 ഇനം 2 | 48 | 1314 | 63072 | 0 | 50911 | 12161 | 17/13.10.15, 192811/-രൂപ |
| 25 | S0169/16 വാർഡ് 5 ൽ അമ്പിയാം പടി പാലം മുതൽ പടിഞ്ഞാറോട്ട് റോഡ് മെറ്റലിംഗ് | ജോസഫ് ദേവസ്യ, വടശ്ശേരിച്ചിറ, എടത്വ | 20/15-16 ഇനം 1 | 48.9 | 1314 | 64255 | 0 | 51865 | 12390 | 9/28.09.15, 193053/-രൂപ |
| 26 | S0110/16 വാർഡ് പത്തിൽ വാഴക്കുട്ടം | കൊച്ചുമോൻ, ലക്ഷം വീട്, | 18/15-16 ഇനം 2 | 80 | 1314 | 105120 | 0 | 84851 | 20269 | 55/15.02.16, 252187/-രൂപ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | പടി പാലം മുതൽ കിഴക്കോട്ട് റോഡ് കോൺക്രീറ്റിംഗ് | കോയിൽ മുക്ക് | | | | | | | |
| 27 | S0112/16 വാർഡ് 8 ൽ പുളപ്പുരയ്ക്കൽ കാടമ്പ്രം പടി മുതൽ അംഗൻ വാടി വരെ ക്വാറി വേസ്റ്റിംഗ് വഴിയുടെ പുനരുദ്ധാരണം | ശശിക്കുട്ടി ജോർജ്ജ്, ആമ്പക്കാട്ടു വീട്, പാണ്ടങ്കരി | 87/15-16 ഇനം 2 | 74.6 | 1314 | 98024 | 0 | 79124 | 18900 | 75/17.03.16, 188167/-രൂപ |
| 28 | S0104/16 വാർഡ് 2 ൽ തുണ്ടിയിൽ പടി മുതൽ വടക്കോട്ട് തോടിന് പടിഞ്ഞാറു വശം റോഡ് പുനരുദ്ധാരണം | കെ.കെ.ദേവസ്യ, കേളഞ്ചേരി, തായങ്കരി | 35/15-16 ഇനം 1 | 72 | 1314 | 94608 | 284 | 76366 | 17958 | 76/17.03.16, 100000/-രൂപ |
| 29 | S0103/16 വാർഡ് 2 ൽ ചെട്ടി മുപ്പതിൽ പടി മുതൽ തെക്കോട്ട് ഗ്രാവലിംഗ് | റെന്നി വർഗീസ്, കൈതപ്പറമ്പ്, തായങ്കരി | 34/15-16 ഇനം 1 | 80 | 1314 | 105120 | 0 | 84851 | 20269 | 30/15.01.16, 111427/-രൂപ |
| 30 | S0189/16 വാർഡ് 7 ൽ കടയ്ക്കൽ ശശീന്ദ്രൻനായരുടെ പടി മുതൽ കടയ്ക്കൽ പുത്തൻ പറമ്പ് സുകുമാരൻ പടി വരെ കോൺക്രീറ്റിംഗ് | സുകുമാരൻ.പി.കെ, കടയ്ക്കൽ പുത്തൻ പറമ്പിൽ, എടത്വ | 4/15-16 ഇനം 1 | 14.3 | 1314 | 18763 | 0 | 15167 | 3596 | 7/24.09.15, 85645/-രൂപ |
| 31 | S0188/16 വാർഡ് 7 ൽ കട്ടത്തറ പടി മുതൽ പടിഞ്ഞാ റോട്ട് പതിനഞ്ചിൽ പടി വരെ റോഡ് നിർമ്മാണം | ജോൺ ചാക്കോ, പതിനഞ്ചിൽ ചിറ, എടത്വ | 5/15-16 ഇനം 2 | 20 | 1314 | 26280 | 0 | 21213 | 5067 | 13/13.10.15 98131/-രൂപ |
| 32 | S0187/16 (S0254/15) വാർഡ് 14 ൽ എരവുകരി പടിഞ്ഞാറേ പാല ത്തിന്റെ അപ്രോച്ച് മുതൽ തെക്കോട്ട് കോൺക്രീറ്റിംഗ് | മാത്യു ജോസഫ്, മണ്ണാരു പറമ്പിൽ, പച്ച | 3/15-16 ഇനം 1 | 26.28 | 1314 | 34532 | 0 | 27874 | 6658 | 1)10/28.09.15, 181000/-രൂപ 2)ചെക്ക് നം. 977586/ 08.10.16, 11605/- രൂപ ആകെ 192605/-രൂപ |
| 33 | S185/16 വാർഡ് 2 ൽ മണ്ണാരു പറമ്പിൽ പടി മുതൽ കിഴക്കോട്ട് റോഡ് മെറ്റലിംഗ് | തോമസ് ആന്റണി, മണ്ണാരുപറമ്പിൽ, ചങ്ങംകരി | 6/15-16 ഇനം 1 | 23.8 | 1314 | 31273 | 0 | 25243 | 6030 | 11/28.09.15, 93955/-രൂപ |
| 34 | S0184/16 വാർഡ് 2 ൽ പുത്തൻ പറമ്പ് പടി മുതൽ തെക്കോട്ട് തോടിന് പടിഞ്ഞാറു വശം റോഡ് | ഗിരീഷ് കുമാർ, പഴയമഠം, തായങ്കരി | 46/15-16 ഇനം 2 | 21 | 1314 | 27594 | 4354 | 22273 | 967 | 64/17.03.16, 100000/- രൂ. |
| 35 | S0186/16 വാർഡ് 15 ൽ വടക്കേ ടംപടി മുതൽ വട ക്കേടം ജോയിയുടെ വീടിനരികിലുള്ള റോഡ് | സുരജ്.വി.എസ്, വടക്കേടത്തുചിറ, തായങ്കരി | 15/15-16 ഇനം 1 | 26.74 | 1314 | 35136 | 0 | 28362 | 6774 | 21/20.10.15, 37244/- രൂ. |
| 36 | S0204/16 വാർഡ് 12 ൽ കളീക്കൽ പടി മുതൽ വെട്ടത്തിൽ പടി വരെ റോഡ് | റൂബി സജി, കുട്ടക്കര, ചെക്കിടിക്കാട് | 102/15-16 ഇനം 1 | 36 | 1314 | 47304 | 142 | 38183 | 8979 | 4/24.03.16, 50000/- രൂ. |
| 37 | S0194/16 വാർഡ് 8 ൽ കളത്തിൽ പറമ്പിലേക്കുള്ള | ശ്രീയമ്മ ഷാജി, കളത്തിപ്പറമ്പിൽ, പാണ്ടങ്കരി | 88/15-16 ഇനം 1 | 4.38 | 1314 | 5755 | 0 | 4646 | 1109 | 9/29.03.16, 47488/- രൂ. |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | നടപ്പാത കോൺക്രീറ്റിംഗ് | | | | | | | | | |
| 38 | S0205/16 വാർഡ് 1 ൽ കോട്ടൂർ മുതൽ പറൂർ മോട്ടോർത്തറ വരെ റോഡ് | സലീഷ്, പറപ്പിൽ, കൊടുപ്പുന്ന | 101/15-16 ഇനം 1 | 75 | 1314 | 98550 | 0 | 79548 | 19002 | 5/29.03.16, 104464/- രൂ. |
| 39 | S0125/16 വാർഡ് 2 ൽ പുതുവൽ കോളനി റോഡ് | ഗോപാലകൃഷ്ണൻ, പുതുവൽ, തായങ്കരി | 17/15-16 ഇനം 2 | 39 | 1314 | 51246 | 0 | 41365 | 9881 | 8/29.03.16, 191354 രൂ. |
| 40 | S0196/16 വാർഡ് 11 ൽ തകഴി എടത്വ റോഡിൽ നിന്നും കടവത്ത് ക്ഷേത്രം റോഡ് മെയിന്റനൻസ് | മോഹനൻ, തുണ്ടിപ്പറമ്പ്, പാണ്ടങ്കരി | 41/15-16 ഇനം 2 | 64.48 | 1314 | 84727 | 6061 | 68390 | 10276 | 40/30.01.16, 294571/-രൂപ |
| 41 | S0072/16 വാർഡ് 2 ൽ പറപ്പിൽ മുട്ടു മുതൽ കിഴക്കോട്ട് റോഡ് ഗ്രാവലിംഗ് | രാജപ്പൻ, പുതുവലിൽ കൊടുപുന്ന | 37/15-16 ഇനം 1 | 72.9 | 1314 | 95790 | 1539 | 77321 | 16930 | 50/15.02.16, 100000/- രൂ. |
| 42 | S0054/16 വാർഡ് 14 ൽ പനയ്ക്ക ൽ പടി മുതൽ പടി ഞ്ഞാറോട്ട് ആറ്റുതീരം മോട്ടോർത്തറ വരെ പുനരുദ്ധാരണം | സന്തോഷ്.K.K, കൊട്ടാരത്തിൽ, ചങ്ങങ്കരി | 90/15-16 ഇനം 2 | 70 | 1314 | 91980 | 0 | 74245 | 17735 | 47/15.0216, 97499/- രൂ |
| 43 | S0119/16 വാർഡ് 14 ൽ തുണ്ടുപറമ്പിൽ മുതൽ ചുടുകാട്ടിൽ പടി വരെ മെറ്റലിംഗ് | ഔസേഫ് തോമസ്, പാലപ്പറമ്പിൽ, ചെക്കിടിക്കാട് | 72/15-16 ഇനം 1 | 42.5 | 1314 | 55845 | 0 | 45077 | 10768 | 38/30.01.16, 115176/- രൂ. |
| 44 | S0047/16 വാർഡ് 5 ൽ കറുക പ്പറമ്പ് പടി മുതൽ മുണ്ടകത്തിൽ പടി വരെ ഫുട്ട് പാത്ത് | ആലീസ് ജോസഫ്, തൈപ്പറമ്പിൽ, എടത്വ | 49/15-16 ഇനം 1 | 8 | 1314 | 10512 | 0 | 8485 | 2027 | 41/10.02.16, 25000/- രൂ. |
| 45 | S0164/16 വാർഡ് 14 ൽ കല്ലു പുരയ്ക്കൽ പടി മുതൽ കുന്നേൽ ലക്ഷം വീട് കോളനി വരെ റോഡ് | സന്തോഷ് , പള്ളിച്ചിറ, എടത്വ | 105/15-16 ഇനം 1 | 18.1 | 1314 | 23652 | 72 | 19198 | 4382 | 17/30.03.16, 25000/- രൂ. |
| 46 | S0178/16 ചെറുവള്ളിക്കാവ് മുതൽ മംഗലശ്ശേരി വരെ ഗ്രാവലിംഗ് | അനിത സാബു, അഞ്ചിൽ | 91/15-16 ഇനം | 36 | 1314 | 47304 | 142 | 38183 | 8979 | 53/15.02.16, 50000/- രൂ. |
| പുതിയ പ്രോജക്ടുകൾ ആകെ | | | | | | | | | ***449278*** | |
| | ***(2) സ്പിൽ ഓവർ പ്രവൃത്തികൾ(അനുവദനീയ നിരക്ക് 1004.52/m³)*** | | | | | | | | | |
| 47 | S153/16 വാർഡ് 9ൽ മുന്ന തൈക്കൽ പടി മുതൽ CSI ചർച്ച് വരെ റോഡ് ഗ്രാവലിംഗ് | ജസ്റ്റസ് സാമുവൽ, ഒൻപതിൽച്ചിറ, പാണ്ടങ്കരി | 97/15-16 ഇനം 2 | 28 | 1303.55 | 36499 | 0 | 28127 | 8372 | 2/30.06.15, 90000/- രൂ. |
| 48 | S0191/16 (S0225/16) വാർഡ് 15 ൽ പാലപ്പറമ്പിൽ പടിയിൽ നിന്നും കറുകയിൽ പാടത്തി ന്റെ മോട്ടോർത്തറ വരെ റോഡ് | രാജു.എ.ജെ, ആശാംപറമ്പിൽ, തായങ്കരി | 136/15-16 ഇനം 2 | 65 | 1303.05 | 84698 | 1880 | 65294 | 17524 | 1/30.06.15, 260000/- രൂ. |
| | സ്പിൽ ഓവർ ആകെ | | | | | | | | ***25896*** | |
| | ഗുണഭോക്തൃ സമിതി മുഖേന നടത്തിയ പ്രവൃത്തികൾക്ക് ആകെ അധികചെലവ് | | | | | | | | *475174* | |
| | **B)കരാർ വേലകൾ** | | | | | | | | | |
| ക്രമ | പ്രോജക്ട് നമ്പരും | കരാറുകാരന്റ | അളവു | ഫില്ലിംഗ് | അനു | നിർണ്ണ | അടങ്ക | അർഹ | അധി | ഫൈനൽ |

| നം. | പേരും | പേര്, ടെണ്ടർ വ്യത്യാസം | പുസ്തകം നം., ഇനം നം. | അളവ് ($m^3$) | വദിച്ച നിരക്ക് (ഘന മീറ്ററിന്) | യിച്ച മൂല്യം | ലിൽ ക്രമീക രിക്കാൻ കുറവു ചെയ്ത തുക | മായ മൂല്യം | ക മായി നല്കിയ തുക | ബിൽ വിവരങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| | *2015-16* ലെ പുതിയ പ്രോജക്റ്റുകൾ *(അനുവദനീയ നിരക്ക് 1219.74/$m^3$)* | | | | | | | | | |
| 49 | S0053/16 വാർഡ് - 14 ൽ ആശാരിപ്പറമ്പിൽപ്പടി മുതൽ ചുടുകാട്ടിൽ പടി വരെ ടാറിംഗ് | ടെഡി സക്കറിയ, ചേന്നംകര, (എസ്റ്റി. നിരക്കിൽ) | 45/15-16 ഇനം 1 | 33.1 | 1511.1 | 50017 | 0 | 40373 | 9644 | 56/24.02.15, 493444/- രൂ. |
| 50 | S0040/16 വാർഡ് 13 ൽ മഠത്തിക്കുളം പാലം മുതൽ വാളംപറമ്പ് മോട്ടോർത്തറ വരെ റോഡ് | തോമസ് ആന്റണി, മണ്ണാരുപറമ്പിൽ, ചങ്ങങ്കരി (എസ്റ്റി. നിരക്കിൽ) | 49/15-16 ഇനം 1 | 59 | 1511.1 | 89155 | 0 | 71965 | 17190 | 68/17.0216, 89155/- രൂ. |
| 51 | S0171/16 വാർഡ് 9 ൽ പൂവ്വക്കാട്ട് പടി മുതൽ പാട്ടത്തിൽ പടി വരെ സെക്കന്റ് റീച്ച് മെറ്റലിംഗ് , ടാറിംഗ് | തോമസ് പ്രസാദ് അബ്രഹാം , (എസ്റ്റി. നിരക്കിൽ) | 42/15-16 ഇനം 1 | 6.44 | 1511 | 9731 | 0 | 7855 | 1876 | 35/15.01.16, 78769/- രൂ. |
| 52 | S0230/15 വാർഡ് 4 ൽ ഇല്ലിമൂട്ടിൽ കലുങ്ക് മുതൽ വടക്കോട്ട് മെറ്റലിംഗ് | തോമസ് ആന്റണി, മണ്ണാരുപറമ്പിൽ, (എസ്റ്റി. നിരക്കിൽ) | 44/15-16 ഇനം 1 | 56.25 | 1511.1 | 84999 | 0 | 68610 | 16389 | 34/15.01.16, 191543/-രൂ. |
| 53 | S0226/15(166/16) വാർഡ് 1 ൽ നെല്ലാക്കുന്നിൽ പാലം മുതൽ നൂറു പറച്ചിറവീട് വഴി ഗവ: എച്ച്.എസ് വരെ റോഡ് നിർമ്മാണം | തോമസ് ആന്റണി, മണ്ണാരുപറമ്പിൽ, (എസ്റ്റി. നിരക്കിൽ) | 47/15-16 ഇനം 2 | 33.75 | 1511.1 | 51000 | 0 | 41166 | 9834 | 29/15.01.16, 192520/-രൂ. |
| 54 | S180/16 വാർഡ് 15 ൽ വലു പറമ്പിൽ പടി മുതൽ ചങ്ങങ്കരി കൊച്ചുപാല ത്തിലേ ക്കുള്ള റോഡ് മെയിന്റനൻസ് | തോമസ് ആന്റണി, മണ്ണാരുപറമ്പിൽ, (എസ്റ്റി. നിരക്കിൽ) | 48/15-16 ഇനം 2 | 25.1 | 1511.1 | 37778 | 0 | 30615 | 7163 | 33/15.01.16, 133078/-രൂ. |
| 55 | S0182/16 വാർഡ് 15 ൽ അട്ടിച്ചിറ മുതൽ പാട്ടത്തിൽ പടി റോഡ് മെറ്റലിംഗ് | തോമസി ആന്റണി, മണ്ണാരു പറമ്പിൽ, (എസ്റ്റി. നിരക്കിൽ) | 89/15-16 ഇനം 1 | 26.5 | 1511.1 | 40044 | 0 | 32323 | 7721 | 69/15-16, 121539/-രൂ. |
| 56 | S0243/15 (S0171/16) വാർഡ് 15ൽ ചങ്ങങ്കരി പാലം മുതൽ ചങ്ങങ്ക രി ദേവസ്വം ബോർഡ് സ്കൂളിലേ ക്കുള്ള റോഡ് മെറ്റലിംഗ് | തോമസ് ആന്റണി, മണ്ണാരു പറമ്പിൽ, (എസ്റ്റി. നിരക്കിൽ) | 21/15-16 ഇനം 1 | 56.7 | 1511.1 | 85679 | 0 | 69159 | 16520 | 1)4/13.10.15, 179000/- രൂ. 2) 23/20.10.15, 10765/- രൂ. ആകെ 159765/-രൂ. |
| | കരാറുകാർ മുഖേന നടത്തിയ പ്രവൃത്തികൾക്ക് ആകെ അധിക ചെലവ് | | | | | | | | *86337* | |
| | എല്ലാ ഇനങ്ങളിലുമായി ആകെ അധികം ചെലവ് | | | | | | | | **561511/-** | |

തെറ്റായ നിരക്ക് അനുവദിക്കപ്പെട്ടതു മൂലം ടി 56 പ്രവൃത്തികളുടെ പേരിൽ ഉണ്ടായ ഈ അധിക ചെലവ് **(561505/-** ഓഡിറ്റിൽ അംഗീകരിക്കുന്നില്ല**.** അധികമായി നല്കിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ / കരാറുകാരിൽ ന ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് നിധിയിൽ ഒടുക്കേണ്ടതാണ്**.**

ഗുണഭോക്തൃ സമിതികളുടെ അംഗീകാരമില്ലാത്ത ടി **25** പ്രവൃത്തികൾക്കായി ആകെ ചെലവഴിക്കപ്പെട്ട 28,73 രൂപയിൽ അവയുമായി ബന്ധപ്പെട്ട അംഗീകരിക്കാത്ത തുകകൾ (271639/- രൂപ) കിഴിച്ച് ബാക്കി 26,02,010/- രൂ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു**.**

................................................................................................

*അനുബന്ധ വിവരങ്ങൾ :-*

| | | |
|---|---|---|
| *എസ്റ്റിമേറ്റ് തയ്യാറാക്കുകയും അളവു രേഖപ്പെടുത്തി മൂല്യ നിർണ്ണയം നടത്തുകയും ചെലവു നടത്തുകയും ചെയ്തത്* | : | *ശ്രീമതി. ഓമന.R,*<br>*അസിസ്റ്റന്റ് എഞ്ചിനീയർ,*<br>*എൽ. എസ്. ജി. ഡി.* |
| *കമ്പോള വിലയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരക്ക് അംഗീകരിക്കുകയും എസ്റ്റിമേറ്റിനു സാങ്കേതികാനുമതി നല്കുകയും ചെയ്തത്* | : | *ശ്രീ. ജയശങ്കർ,*<br>*അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,*<br>*എൽ. എസ്. ജി. ഡി.,*<br>*ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്* |

# 3-3 വാർഡ് 7-ൽ രാജധാനി റോഡ് റീടാറിംഗ് - ക്രമക്കേടുകൾ

പ്രോജക്ട് നം. :- S0081/16

കൺവീനർ :- തോമസ് കുട്ടി പി. വി.

ഗ്രാമ പഞ്ചായത്തിലെ 7-ാം വാർഡിലുള്ള രാജധാനി റോഡ് റീടാറിംഗ് നടത്തുന്നതിനായി 300000/- രൂപ അട പദ്ധതി ഗുണഭോക്തൃ സമിതി മുഖേന നടത്തുകയുണ്ടായി. ഈ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധ നിന്നും പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും പദ്ധതി നിർവ്വഹണത്തിലും മൂല്യ നിർണ്ണയത്തിലും ഗുരു ന്യൂനതകൾ സംഭവിച്ചിട്ടുള്ളതായും തൻമൂലം ഗ്രാമ പഞ്ചായത്തിനു കാര്യമായ സാമ്പത്തിക നഷ്ടം ഉണ്ടായ കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

1. **തെറ്റായ നിരക്ക് അനുവദിച്ചു - അധിക ചെലവ്**

ഇവിടെ ഇനം 3, 4 എന്നിവയ്ക്ക് തെറ്റായ നിരക്ക് അനുവദിച്ചതായി കാണുന്നു. തൻമൂലം കൺവീനർക്ക് അധി നല്കാനിടയായി. വിശദാംശം ചുവടെ,

**<u>ഇനം 3 - പോട്ട് ഹോൾ ഫില്ലിംഗ്</u>**

ഇവിടെ 8m$^3$ പോട്ട്ഹോൾ ഫില്ലിംഗിന് 4391.38/m$^3$ നിരക്കിൽ 35131/- രൂപാ മൂല്യം നിർണ്ണയിച ഒബ്സെർവഡ് ഡേറ്റാ പ്രകാരമുള്ള നിരക്കാണ് ഇവിടെ അനുവദിച്ചത്. അതിലേക്ക് തയ്യാറാക്കിയ ഡേറ്റ കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടെ 4391.38/m$^3$ എന്ന നിരക്കും ഇവ ഉൾപ്പെ 3818.59/m$^3$ എന്ന നിരക്കും ആണ് തയ്യാറാക്കി അംഗീകരിക്കപ്പെട്ടത്. ഇവിടെ ഗുണഭോക്തൃ സമിതി മുഖേ പ്രവൃത്തി ആയതിനാൽ കരാറുകാരന്റെ ലാഭവും ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടാത്ത 3818.59/m$^3$ എന്ന നിര അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ അനുവദിച്ചത് 4391.38/m$^3$ എന്ന കരാറുകാർക്കുള്ള നിരക്കാണ്. ത ഈയിനത്തിൽ 8x(4391.38-3818.59) = 4582/- രൂപാ കൺവിനർക്ക് അധികം നല്കാനിടയായി.

**<u>ഇനം 4 - ടാക്ക് കോട്ട്</u>**

ഇവിടെ 504m$^2$ ടാക്ക് കോട്ടിന് 68.10/m$^2$ നിരക്കിൽ 34322/- രൂപാ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. ഇതിന് DAR 16.30.1 പ്രകാരമുള്ള നിരക്കാണ് അനുവദിച്ചത് (കോസ്റ്റ് ഇൻഡക്സ് സഹിതം). ഇത് WBM പ്രതലത്തിൽ 0.75 നിരക്കിൽ ടാർ ഉപയോഗിച്ച് ടാക് കോട്ട് ചെയ്യുന്നതിനുള്ള നിരക്കാണ്. എന്നാൽ നിലവിൽ ടാർ ചെയ്ത റോഡിൽ റീ ടാറിംഗ് ആണ് ഇവിടെ ചെയ്തത്. അതിന് ബിറ്റുമിനസ് പ്രതലത്തിൽ 0.50kg/m$^2$ നിരക്കി ഉപയോഗിച്ച് ടാക് കോട്ട് ( DAR ഇനം 16.30.2) ചെയ്യുന്നതിനുള്ള നിരക്കാണ് അനുവദനീയം. കോസ്റ്റ് ഇ സഹിതം ഇതിന് അംഗീകരിച്ച നിരക്ക് 49.10/m$^2$ ആണ്.

ഇപ്രകാരം തെറ്റായ നിരക്ക് അനുവദിച്ചതുമൂലം ഈയിനത്തിൽ

504 x (68.10 – 49.10) = 9576/-രൂപാ കൺവീനർക്ക് അധികം നല്കാനിടയായി.

ടി രണ്ടിനങ്ങളുടെ തെറ്റായ നിരക്കു നിർണ്ണയം മൂലം ആകെയുണ്ടായ അധിക ചെലവ് 4582 + 9576 = 14158, അധിക ചെലവ് ഓഡിറ്റിൽ അനുവദിക്കുന്നില്ല.

2. **ഉപയോഗിക്കാത്ത സാധനത്തിന്റെ മൂല്യം കണക്കാക്കി - ക്രമവിരുദ്ധ ചെലവ്**

ഇവിടെ ഇനം 2ആയി 12.10$m^3$ 11.2mm മെറ്റൽ വാങ്ങി സ്റ്റാക്കു ചെയ്തതായി രേഖപ്പെടുത്തി 1863.62/$m^3$ നി 22550/- രൂപ മൂല്യം നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഇത് എവിടെയും ഉപയോഗിച്ചതായി കാണിച്ചിട്ടില്ല വാങ്ങിയതിന്റെ ആവശ്യകത എസ്റ്റിമേറ്റിലും വ്യക്തമാക്കിയിട്ടില്ല.

